# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1710 — 22.03.2012 ൽ മറുപടിയ്ക്ക്

## പ്രമാണങ്ങൾ തിരികെ നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ കടാശ്വാസം ലഭിച്ച വയനാട് ജില്ലയിലെ കോട്ടത്തറയിലുള്ള ശ്രീ. പി.സി. അബ്ദുള്ളയ്ക്ക് സ്ഥലത്തിന്റെ പ്രമാണങ്ങൾ വൈത്തിരി പ്രാഥമിക കാർഷിക വികസന ബാങ്ക് തിരികെ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.സി. കുഞ്ഞബ്ദുള്ള എന്ന യഥാർത്ഥ പേര് വെയ്ക്കാതെയും അംഗത്വ നമ്പറോ വായ്പാ നമ്പറോ രേഖപ്പെടുത്താതെയും പി.സി. അബ്ദുള്ള എന്ന പേരിൽ പരാതി നൽകിയതിനാലാണ് പി.സി. അബ്ദുള്ള എന്ന പേരിൽ ഉള്ള വായ്പക്കാരന് വായ്പ ബാക്കി ഇല്ലെന്ന കാരണത്താൽ പ്രമാണങ്ങൾ തിരികെ നൽകാൻ നിർദ്ദേശിക്കുകയുണ്ടായത്. പരാതിക്കാരനായ ശ്രീ. പി.സി. കുഞ്ഞബ്ദുള്ളയുടെ പേരിലുള്ള വായ്പ തുക അടച്ച് തീരുന്ന മുറയ്ക്ക് പ്രമാണങ്ങൾ തിരികെ നൽകുന്നതാണ്. |
| (ബി) പ്രമാണങ്ങൾ തിരികെ നൽകാത്ത പ്രാഥമിക കാർഷിക വികസന ബാങ്കിനെതിരെ നടപടി സ്വീകരിക്കുമോ? | (ബി) വായ്പാ ബാക്കി നിൽക്കുന്നതിനാലാണ് പ്രമാണങ്ങൾ തിരികെ നൽകാത്തതെന്നതിനാൽ ബാങ്കിനെതിരെ നടപടി സ്വീകരിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ